*ഇടയസന്ദർശനം-*

*വിശുദ്ധ സ്നാപകയോഹന്നാൻ ദേവാലയം, പൂത്തുറയ്*

*22.02.2009*

# ആണ്ടുവട്ടത്തിലെ ഏഴാം ഞായർ

*ഏശ. 43, 18-19, 21-22, 24-25; 2 കൊറി. 1, 18-23; മാർക്ക് 2, 1-12*

തിരുവനന്തപുരത്തെ പുത്തിരിക്കണ്ടം മൈതാനത്തിൽ ഒരിക്കൽ പതിനായിരക്കണക്കിന് ആളുകൾ സംബന്ധിച്ച ഒരു പ്രാർത്ഥനാസമ്മേളനം നടക്കുന്നത് ശ്രദ്ധിക്കുകയുണ്ടായി. മൈതാനത്തിന്റെ പ്രധാന കവാടത്തിൽ മനോഹരമായ ഒരു ആർച്ച് പണിതുയർത്തിയിരുന്നു. അതിന്റെ ഒത്ത നടുക്ക് വലിയ അക്ഷരത്തിൽ എഴുതിവച്ചിരുന്നതിതാണ്: ''യേശു: ഏക ഉത്തരം''. വെറും മൂന്നു വാക്കുകൾ! എന്നാൽ വളരെ വലിയ സന്ദേശം ഉൾക്കൊള്ളുന്ന മൂന്നുവാക്കുകളായിരുന്നു അവ. യേശു: ഏക ഉത്തരം. ഇതിന്റെ അർത്ഥമിതാണ്. മനുഷ്യർ പൊതുവേ അസംതൃപ്തരും അസ്വസ്തരുമാണ്. അവർക്ക് അവരവരുടേതായ നൂറു നൂറു പ്രശ്നങ്ങളുണ്ട്, നൂറു നൂറു ആഗ്രഹങ്ങളുണ്ട്. യേശുവിനു മാത്രമല്ലാതെ ലോകത്തിലെ മറ്റേതെങ്കിലും വസ്തുവിനോ വ്യക്തിക്കോ മനുഷ്യന്റെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചുകൊടുക്കുവാനാവില്ല; മനുഷ്യന്റെ ആഗ്രഹങ്ങളെ സംതൃപ്തമാക്കാൻ സാധിക്കുകയില്ല. എല്ലാ പ്രശ്നങ്ങൾക്കും ഒരേ ഒരു ഉത്തരമേയുള്ളൂ. യേശുവിനെ കണ്ടെത്തുന്നതുവരെ യേശുവിനെ അനുഭവിക്കുന്നതുവരെ മനുഷ്യഹൃദയം അസ്വസ്ഥമായിരിക്കും. യേശുവിന്റെ തന്നെ വാക്കുകൾ നമുക്ക് ശ്രദ്ധിക്കാം; ''ഒരുവൻ ലോകം മുഴുവനും നേടിയാലും.... അവന് എന്തു പ്രയോജനം'' (മത്താ. 16, 26). ''എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല'' (യോഹ. 15, 5). അതുകൊണ്ട് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായ യേശു നമുക്കു നൽകുന്ന ആഹ്വാനമിതാണ്: ''അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' (മത്താ. 11, 28).

ഇന്നു നാം വായിച്ചു കേട്ട സുവിശേഷം നമുക്ക് കാണിച്ചു തരുന്നത് ഒരു തളർവാദരോഗിയെയാണ്. വർഷങ്ങളായി ശരീരം അനക്കാൻ സാധിക്കാതെ അയാൾ വളരെ കഷ്ടപ്പെടുകയായിരുന്നു. പല വൈദ്യന്മാരെയും അയാൾ സമീപിച്ചിട്ടുണ്ടാവും. അതുകൊണ്ടൊന്നും ഒരു പ്രയോജനവുമുണ്ടായില്ല. രോഗം സൗഖ്യമാകുമെന്ന അയാളുടെ പ്രതീക്ഷയെല്ലാം ഒന്നിനൊന്നു കുറഞ്ഞുവന്നു. അയാൾ തികച്ചും നിരാശനായിരുന്നു. എന്നാൽ യേശുവിന്റെ സന്നിധിയിലെത്തിയ അയാൾ, യേശുവിന്റെ വചനങ്ങൾ വിശ്വസിച്ച അയാൾ പുതിയൊരു മനുഷ്യനായി മാറുന്നു. നാലുപേർകൂടി ഒരു കിടക്കയിൽ വഹിച്ചുകൊണ്ടു വന്ന ആ തളർവാദരോഗി യേശുവിന്റെ സന്നിധിയിൽ നിന്ന് സ്വന്തം കിടക്കയുമെടുത്തുകൊണ്ട് ആരോഗ്യവാനായി ഭവനത്തിലേയ്ക്ക് മടങ്ങുന്നതാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുന്നത്. യേശുവിനെ കണ്ടതോടുകൂടി അയാളുടെ ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനാവുന്നു. അതേ, യേശുവാണ് എല്ലാ പ്രശ്നങ്ങൾക്കും ഒരേ ഒരു ഉത്തരം.

യേശുവിനെ സമീപിച്ച യേശുവിൽ വിശ്വസിച്ച ആർക്കും തന്നെ നിരാശരായി മടങ്ങിപ്പോകേണ്ടി വന്നില്ല. എല്ലാ പ്രശ്നങ്ങൾക്കും യേശു പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു; ഉത്തരമായിത്തീരുന്നു. തളർവാദ രോഗിയുടേതുപോലുള്ള ധാരാളം സംഭവങ്ങൾ സുവിശേഷത്തിലുണ്ട്. യേശുവിന്റെ വസ്ത്രത്തിന്റെ വിളുമ്പെങ്കിലും സ്പർശിച്ചാൽ സുഖപ്പെടുമെന്ന് വിശ്വസിച്ച രക്തസ്രാവക്കാരി സൗഖ്യം പ്രാപിക്കുന്നു. യേശുവിന്റെ ഒരു വാക്കു മതി തന്റെ ഭൃത്യനെ സുഖപ്പെടുത്തുവാൻ എന്നു പറയുന്ന

ശതാധിപനും ഭവനത്തിൽ തിരിച്ചെത്തിയപ്പോൾ ആരോഗ്യവാനായിട്ടാണ് തന്റെ ഭൃത്യനെ കാണുന്നത്. ''കർത്താവേ, അങ്ങേയ്ക്ക് മനസ്സുണ്ടെങ്കിൽ എന്നെ സുഖപ്പെടുത്തുവാൻ സാധിക്കും'' എന്നു പറഞ്ഞുകൊണ്ട് യേശുവിനെ സമീപിച്ച കുഷ്ഠരോഗിയും കുരുടനും, മുടന്തനും, ഊമനും, അപസ്മാര രോഗിയുമെല്ലാം അവരുടെയൊക്കെ പ്രശ്നങ്ങൾക്ക് യേശുവിന്റെ സന്നിധിയിൽ ഉത്തരം കണ്ടെത്തുന്നുണ്ട്; സുഖമാകുന്നുണ്ട്; നഷ്ടപ്പെട്ട ആരോഗ്യവും മനഃസമാധാനവും ആത്മവിശ്വാസവുമെല്ലാം വീണ്ടെടുക്കുന്നുണ്ട്. അതേ, യേശുവാണ് ഏക ഉത്തരം; നമ്മുടെ എല്ലാ പ്രശ്നങ്ങളും ഒരേ ഒരു പരിഹാരം.

മാനുഷികമായി നോക്കിയാൽ മറ്റുള്ളവർക്ക് കൊടുക്കാൻ യേശുവിന്റെ കൈയിൽ ഒന്നുമില്ലായിരുന്നു. അങ്ങേയറ്റത്തെ ദരിദ്രനായിരുന്നു യേശു. ജനിക്കാനോ മരിക്കാനോ സ്വന്തമായി അവിടുത്തേയ്ക്ക് ഒരു സ്ഥലം പോലുമില്ലായിരുന്നു. യേശു തന്നെ പറയുന്നുണ്ടല്ലോ: ''കുറുനരികൾക്ക് മാളങ്ങളും ആകാശപറവകൾക്ക് കൂടുകളുണ്ട്; എന്നാൽ മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല'' (മത്താ. 8, 20). ഒന്നുമില്ലാത്തവനായ യേശു എങ്ങനെ മനുഷ്യരുടെ എല്ലാ പ്രശ്നങ്ങൾക്കും ഒരു ഉത്തരമായിത്തീർന്നു? യേശു പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായിരുന്നു. ദൈവീക ചൈതന്യം നിറഞ്ഞു തുളുമ്പുന്ന ദൈവത്തിന്റെ പുത്രനായിരുന്നു യേശു. ഈ ദൈവീക ശക്തിയാണ്, ദൈവാനുഭവമാണ് യേശുവിനെ സമീപിച്ച എല്ലാവരിലും പ്രവഹിച്ചിരുന്നത്. തന്നെ സമീപിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ യേശു പൊന്നോ വെള്ളിയോ സമ്പത്തോ വസ്തുവകകളോ അധികാരമോ സ്ഥാനമാനങ്ങളോ വാരിക്കോരി കൊടുക്കുന്നതായി സുവിശേഷത്തിൽ നാം കാണുന്നില്ല. ഉള്ളതും പരിത്യജിക്കുവാനാണ് യേശു അവരോടൊക്കെ ആവശ്യപ്പെടുന്നത്. യേശുവിനെ അനുഗമിച്ച അപ്പോസ്തലന്മാർക്ക് വള്ളവും വലയും മാത്രമല്ല നാടും വീടും ഉപേക്ഷിക്കേണ്ടിവന്നു; ഉറ്റവരെയും ഉടയവരെയും പരിത്യജിക്കേണ്ടിവന്നു. മാനസാന്തരപ്പെട്ട സക്കേവൂസിന് തന്റെ സമ്പാദ്യം മുഴുവനും താൻ വഞ്ചിച്ചെടുത്തവർക്കും പാവങ്ങൾക്കുമായി വീതിച്ചുകൊടുക്കേണ്ടിവന്നു. ഒരിക്കൽ പത്രോസ് യേശുവിനോട് ചോദിച്ചു: ''ഇതാ, ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു. ഞങ്ങൾക്കെന്താണ് ലഭിക്കുക?'' ഈ ചോദ്യത്തിന് യേശു നൽകിയ ഉത്തരമിതായിരുന്നു: ''എന്റെ നാമത്തെ പ്രതി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും'' (മത്താ. 19, 27-29). ഈ ലോകത്തിൽ തന്നെ നൂറിരട്ടി കിട്ടുമെന്നു പറഞ്ഞപ്പോൾ യേശു ഉദ്ദേശിച്ചത് ഇതൊക്കെ ആനുഭവിക്കുമ്പോൾ കിട്ടുന്നതിനെക്കാളും നൂറിരട്ടി സന്തോഷവും സമാധാനവും സംതൃപ്തിയും ലഭിക്കുമെന്നാണ്.

ഉദാഹരണമായി, സുപ്രസിദ്ധ സിനിമാതാരം എലിസബത്ത് ടെയ്ലറിന്റെ ജീവിതത്തിലേയ്ക്ക് തന്നെ കണ്ണോടിക്കാം. ലോക പ്രശസ്തയായ അവരെക്കുറിച്ച് കേൾക്കാത്തവർ അധികമുണ്ടാവുകയില്ല. ലോകമെമ്പാടും അത്രയേറെ ആരാധകരെ നേടിയവരാണ് അവർ. അനേകർക്ക് ഹരം പകർന്ന ഈ സിനിമാനടി ഇംഗ്ലണ്ടിൽ ജനിച്ച് അമേരിക്കയിലേയ്ക്ക് കുടിയേറിപാർത്തവളായിരുന്നു. എന്തിന്റെ കുറവാണ് അവർക്ക് ജീവിതത്തിലുണ്ടായിരുന്നത്? സമ്പത്തും സൗന്ദര്യവും പ്രതാപവും പ്രശസ്തിയും ജിവിത സൗകര്യങ്ങളും ആവോളമുണ്ടായിരുന്നു. ഇതൊക്കെയാണെങ്കിലും ഹൃദയമാഗ്രഹിച്ച സന്തോഷവും സമാധാനുവം സംതൃപ്തിയും പൂർണ്ണമായി അനുഭവിക്കാൻ അവർക്ക് ഇന്നും സാധിക്കുന്നില്ല. പതിനെട്ടാമത്തെ വയസ്സിൽ വിവാഹ ജീവിതമാരംഭിച്ച ഇവർക്ക്, എട്ടു പുരുഷന്മാരെ മാറി മാറി വിവാഹം കഴിച്ചുവെങ്കിലും, വിവാഹ ജീവിതത്തിൽ ഇന്നും സംതൃപ്തി കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. സാധാരണ മനുഷ്യരൊക്കെ ആഗ്രഹിക്കുന്ന എല്ലാമുണ്ടായിരുന്നിട്ടും

ഒന്നുമില്ലാത്തവളെപ്പോലെ തനിക്കും മറ്റുള്ളവർക്കും ഒരു ഭാരമായിട്ട് അസ്വസ്ഥതയോടും അസംതൃപ്തിയോടും കൂടി ജീവിതം തള്ളിനീക്കുന്ന പാവം എലിസബത്ത് ടെയ്‌ലർ!

എന്നാൽ മദർ തെരേസയുടെ ജീവിതം നോക്കുക. അവർ ദരിദ്രയായിരുന്നു. വെറും അഞ്ചു രൂപയുമായിട്ടാണ് അവർ കല്ക്കട്ടയിലെ തെരുവീഥികളിൽ തന്റെ പ്രവർത്തനമാരംഭിച്ചത്. ഒരു പരുക്കൻ സാരിയുമുടുത്ത് ചുക്കിചുളുഞ്ഞ മുഖവുമായി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ചുറ്റി സഞ്ചരിച്ച മദർ തെരേസാ ആർക്കും ഒരു ഭാരമായിരുന്നില്ല; യേശുവിനെപ്പോലെ പ്രശ്നങ്ങൾക്ക് ഉത്തരമായിരുന്നു; ആയിരങ്ങളുടെ അമ്മയായിരുന്ന; അനേകർക്ക് ആശ്വാസം പകരുന്നവളായിരുന്നു. എന്താണ് എലിസബത്ത് ടെയ്‌ലറെയും മദർ തെരേസയും തമ്മിലുള്ള വ്യത്യാസം? എലിസബത്ത് ടെയ്‌ലറിന് എല്ലാമുണ്ടായിരുന്നു; യേശു മാത്രമില്ലായിരുന്നു. മദർ തെരേസയ്ക്ക് ഒന്നുമില്ലായിരുന്നു; എന്നാൽ അവർ യേശുവിനെക്കൊണ്ട് നിറഞ്ഞവളായിരുന്നു. അതുകൊണ്ട് പൊന്നും വെള്ളിയുമില്ലായിരുന്നുവെങ്കിലും ഹൃദയത്തിൽ നിറഞ്ഞു നിന്ന യേശുവിന്റെ സന്തോഷവും സമാധാനവും വാരിക്കോരിക്കൊടുക്കാൻ വാഴ്ത്തപ്പെട്ട കൽക്കട്ടായിലെ മദർ തെരേസയ്ക്ക് സാധിച്ചു. ഒരിക്കൽ ദേവാലയത്തിൽ പ്രാർത്ഥിക്കുവാനായി പോയ പത്രോസിനോടും യോഹന്നാനിനോടും ദേവാലയ കവാടത്തിലേ ഒരു മുടന്തൻ ഭിക്ഷയ്ക്കായി കൈ നീട്ടി. പത്രോസ് അവനോട് പറഞ്ഞതിതാണ്: ''വെള്ളിയോ സ്വർണ്ണമോ എന്റെ കൈയിലില്ല. എനിക്കുള്ളത് ഞാൻ നിനക്കു തരുന്നു. നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക'' (അപ്പ. പ്രവ. 3, 6). ആ നിമിഷം ഇന്നത്തെ സുവിശേഷത്തിലെ തളർവാദരോഗിയിലേയ്ക്ക് പ്രവഹിച്ച ചൈതന്യം പത്രോസിലൂടെ ആ മുടന്തനിലേയ്ക്കും പ്രവഹിച്ചു. അവൻ സൗഖ്യം പ്രാപിച്ചു; അവന്റെ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരമായി. യേശുവിനെ സ്വന്തമാക്കുന്ന മദർ തെരേസയെപ്പോലുള്ള വിശുദ്ധരും തങ്ങളെ സമീപിക്കുന്നവരോടു പറയുന്നതും ഇതുതന്നെയാണ്. ''വെള്ളിയോ സ്വർണ്ണമോ എന്റെ കയ്യിലില്ല. എന്നാൽ അതിനെക്കാളൊക്കെ വിലയേറിയ യേശുവിന്റെ ചൈതന്യം എന്റെ ഹൃദയത്തിലുണ്ട് ഈ ചൈതന്യം എല്ലാവരുമായി പങ്കുവയ്ക്കാൻ എനിക്ക് സന്തോഷമേയുള്ളൂ''. യേശുവിന്റെയും യേശുവിനെ അനുഭവിക്കുന്ന വിശുദ്ധരുടെയും സാന്നിദ്ധ്യം നമ്മെയെല്ലാം ഒരു സ്വർഗ്ഗീയമായ അനുഭൂതികൊണ്ട് നിറയ്ക്കുന്നതിനു കാരണമിതാണ്. യേശുവും വിശുദ്ധരും ചോദ്യങ്ങൾക്ക് ഉത്തരവും പ്രശ്നങ്ങൾക്ക് പരിഹാരവുമായിത്തീരുന്നത് വെറും ഭൗതിക സുഖഭോഗങ്ങൾ നമുക്ക് നൽകികൊണ്ടല്ല, പിന്നെയോ തങ്ങളുടെ ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന ''നീതിയും സമാധാനവും പരിശുദ്ധാരൂപിയുടെ സന്തോഷവും'' നാമുമായി പങ്കുവച്ചുകൊണ്ടാണ്.

യേശുവിന്റെ സന്നിധിയിൽ വരികയും യേശുവുമായി സഹവസിക്കുകയും ചെയ്ത എല്ലാവരും സൗഖ്യം പ്രാപിക്കുകയും സന്തോഷത്തോടെ മടങ്ങിപ്പോവുകയും ചെയ്തുവെന്ന് പറയാനാവില്ല. ഉദാഹരണമായി യേശുവിന്റെ ഉപദേശമാരാഞ്ഞ് അവിടുത്തെ അടുക്കൽ വന്ന ധനികനായ യുവാവ് സങ്കടത്തോടുകൂടിയാണ് യേശുവിന്റെ സന്നിധിയിൽ നിന്നും അകന്നു പോകുന്നത്. കാരണം അയാൾ യേശുവിന്റെ വാക്കുകളെ വിശ്വസിച്ചില്ല; യേശുവിനോടുള്ള സ്നേഹത്തെ പ്രതി തന്റെ സമ്പാദ്യം മുഴുവനും ദരിദ്രർക്ക് ദാനം ചെയ്യുവാനുള്ള യേശുവിന്റെ ഉപദേശം അയാൾക്ക് സ്വീകാര്യമായിരുന്നില്ല. അപ്പോസ്തലനായിരുന്ന യൂദാസ് അന്ത്യഅത്താഴ സമയത്ത് യേശുവിന്റെ കരങ്ങളിൽ നിന്നും അപ്പം സ്വീകരിച്ചതിനുശേഷം സെഹിയോൻ മാളികയിൽ നിന്നും നിരാശയോടെ പുറത്തുപോവുകയും ഇരുളിൽ മറയുകയും ചെയ്യുന്നു. കാരണം അയാളും യേശുവിൽ വിശ്വസിച്ചില്ല. യേശുവിനെക്കാൾ അയാൾക്ക് വലുത് മുപ്പതു വെള്ളിത്തുട്ടുകളായിരുന്നു. യേശുവിനെ കാണുകയും കേൾക്കുകയും സ്പർശിക്കുകയും ചെയ്ത എല്ലാവരും സുഖം പ്രാപിക്കുകയോ യേശുവിന്റെ സമാധാനവും സംതൃപ്തിയും കൊണ്ട് നിറയുകയോ ചെയ്തില്ല. യേശുവിനെ സ്വീകരിച്ചവരും യേശുവിൽ

വിശ്വസിച്ചവരും രക്ഷപ്രാപിച്ചു. ''അവൻ സ്വജനത്തിന്റെ അടുത്തേക്കു വന്നു. എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം ദൈവമക്കളാകാൻ കഴിവു നൽകി'' (യോഹ. 1, 11-12). ദൈവമക്കളുടെ ഈ അവകാശവും സ്വാതന്ത്ര്യവുമാണ് യേശുവിനെ സ്വീകരിക്കുകയും യേശുവിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്കെല്ലാം ലഭിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം. ''മകനേ മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു'' എന്നാണ് യേശു ആനുഗ്രഹം ലഭിച്ച എല്ലാവരോടും പറയുന്നത്.

വിശ്വാസമുണ്ടെങ്കിലേ യേശുവിൽ നിന്നും ശക്തി നമ്മിലേക്ക് പ്രവഹിക്കുകയുള്ളൂ എന്നു നാം കണ്ടു. എന്നാൽ ഇന്നത്തെ സുവിശേഷത്തിൽ നാം ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാനപ്പെട്ട കാര്യമിതാണ്. തളർവാദരോഗിയുടെ വിശ്വാസം അത്ര പൂർണ്ണമായിരുന്നില്ല. യേശുവിന്റെ സന്നിധിയിൽ വരുന്നതിന് അയാൾക്ക് പല തടസ്സങ്ങളുമുണ്ടായിരുന്നു. ദീർഘനാൾ ചികിത്സിച്ചതിനു ശേഷം രോഗം സുഖമാകാത്തതു കാരണം അയാൾ തികച്ചും നിരാശനായിരുന്നു. മരവിച്ചുപോയ മനഃസാക്ഷിയുടെ ഉടമയായിരുന്നു അയാൾ. യേശുവിന്റെ സന്നിധിയിലെത്താനുള്ള അയാളുടെ തടസ്സങ്ങൾ മാറ്റിക്കൊടുക്കുന്നത് അയാളുടെ നാലു സ്നേഹിതരായിരുന്നു. അനങ്ങാൻ വയ്യാത്ത അയാളെ അവർ കിടക്കയോടെ എടുത്ത് യേശുവിന്റെ പക്കലേയ്ക്ക് കൊണ്ടുവന്നു. ജനക്കൂട്ടം കാരണം ഭവനത്തിൽ പ്രവേശിക്കാൻ സാധിക്കാത്തതു കാരണം അവർ മടങ്ങിപ്പോകുന്നില്ല. ആ വീടിന്റെ മേൽക്കൂരപൊളിച്ച് കിടക്കയോടെ അവർ അയാളെ യേശുവിന്റെ സന്നിധിയിലെത്തിച്ചു. അവരുടെ വിശ്വാസം കണ്ടിട്ടാണ് യേശു തളർവാദരോഗിയെ സുഖപ്പെടുത്തുവാൻ തുടങ്ങിയത്. ഇവരുടെ ഈ വിശ്വാസവും സ്നേഹവും ത്യാഗവുമൊക്കെയാണ് മരവിച്ചുപോയ തളർവാദ രോഗിയുടെ മനസ്സിനെ തൊട്ടുണർത്തുന്നതും യേശുവിൽ വിശ്വസിക്കുവാനും സൗഖ്യം പ്രാപിക്കുവാനും അയാളെ സഹായിക്കുന്നതും. വിശുദ്ധ അഗസ്റ്റിനെയും അദ്ദേഹത്തിന്റെ അമ്മ വിശുദ്ധ മോണിക്കായെയും നമുക്കറിയാം. എലിസമ്പത്ത് ടെയിലറിനെപ്പോലെ ജീവിത സൗകര്യങ്ങളെല്ലാമുണ്ടായിരുന്നിട്ടും ഒന്നിലും ഒരു സംതൃപ്തി കണ്ടെത്താനാവാതെ കൂടുതൽ കൂടുതൽ ഭൗതീക സുഖഭോഗങ്ങൾക്ക് പുറകേ അഗസ്റ്റിൻ പരക്കം പായുകയായിരുന്നു. ദൈവത്തിൽ നിന്നകന്ന് തന്നിഷ്ടം പോലെ പ്രവർത്തിച്ചുകൊണ്ടിരുന്ന അദ്ദേഹം പാപത്തിന്റെ പടുകുഴിയിലേയ്ക്ക് നിപതിച്ചുകൊണ്ടിരിക്കുകയായിരുന്നു. മാനസികമായും ആദ്ധ്യാത്മികമായും അദ്ദേഹം ഒരു തളർവാദ രോഗിക്ക് തുല്യനായിരുന്നു. മകനുവേണ്ടിയുള്ള വിശുദ്ധ മോനിക്കയുടെ നിരന്തരമായ പ്രാർത്ഥനയും പരിത്യാഗ പ്രവൃത്തികളും സദുപദേശങ്ങളുമാണ് കാലക്രമത്തിൽ വിശുദ്ധ അഗസ്റ്റിനെ യേശുവിന്റെ സന്നിധിയിൽ കൊണ്ടുവന്നതും. മാനസാന്തരപ്പെടുത്തിയതും ഒരു വലിയ വിശുദ്ധനായിത്തീരുവാൻ സഹായിച്ചതും, ശാരീരികമായി ആരോഗ്യമുള്ളവരാണെങ്കിലും മാനസികമായും ആദ്ധ്യാത്മികമായും തളർന്നുപോയ, യേശുവിൽ നിന്നകന്നു പോയ, പാപത്തിന് അടിമകളായിക്കൊണ്ടിരിക്കുന്ന ധാരാളം പേർ നമ്മുടെ ഭവനങ്ങളിലും സമൂഹത്തിലും കാണും. സുവിശേഷത്തിലെ തളർവാദ രോഗിയുടെ സ്നേഹിതരെപ്പോലെ നമ്മുടെ വിശ്വാസത്തിലൂടെയും സ്നേഹത്തിലൂടെയും ത്യാഗത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഇവരെയെല്ലാം യേശുവിന്റെ സന്നിധിയിലെത്തിക്കാനും മാനസാന്തരപ്പെടുത്താനും നമുക്ക് സാധിക്കും.

തളർവാദരോഗിയുടെ ശാരീരികമായ ആരോഗ്യം വീണ്ടെടുക്കുവാനാണ് അവർ അയാളെ യേശുവിന്റെ അടുക്കലേയ്ക്ക് കൊണ്ടുവന്നത്. എന്നാൽ ശാരീരിക സൗഖ്യം നൽകുന്നതിന് മുമ്പ് യേശു അയാളെ നോക്കി ആദ്യം സ്നേഹപൂർവ്വം പറഞ്ഞതിതാണ്: ''മകനേ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു''. പല ദൈവശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായത്തിൽ ഈ തളർവാദ രോഗി എന്തോ വലിയ ഒരു കുറ്റകൃത്യം ചെയ്തവനായിരുന്നു. കുറ്റബോധം കാരണം നിരന്തരമായ മനഃസാക്ഷിക്കടി അയാളിൽ

ഉളവാക്കിക്കൊണ്ടിരുന്നു. ഈ കുറ്റബോധമാണ് ശാരീരികമായി അയാൾ അനുഭവിച്ചുകൊണ്ടിരുന്ന തളർവാദത്തിനും പ്രധാന കാരണം. മനഃശാസ്ത്രം തെളിയിക്കുന്ന ഒരു സത്യമിതാണ്. ശരീരവും മനസ്സും വേർപ്പെടുത്താനാവാത്ത രീതിയിൽ ബന്ധപ്പെട്ടു നിൽക്കുന്നു. ശരീരത്തിന്റെ മുറിവുകൾ മനസ്സിനെയും മനസ്സിന്റെ മുറിവുകൾ ശരീരത്തെയും ആഴമായി ബാധിക്കും. എഴുന്നേല്ക്കാൻ വയ്യാത്ത പല തളർവാദരോഗികളും വൈദ്യ പരിശോധനയിൽ ശാരീരികമായ രോഗങ്ങളൊന്നുമില്ലാത്തവരാണെന്ന് തെളിഞ്ഞിട്ടുണ്ട്. മനോവേദനയാണ് അഥവാ കുറ്റബോധമാണ് അവരെ പലപ്പോഴും ശാരീരികമായി തളർത്തിക്കളയുന്നത്. രോഗത്തിന് അടിസ്ഥാന കാരണം ഈ കുറ്റബോധമാണെങ്കിൽ അത് മാറാതെ ശാരീരിക സൗഖ്യം വീണ്ടെടുക്കുവാനാവില്ല. തളർവാദരോഗിയുടെ അവശതയ്ക്ക് അടിസ്ഥാന കാരണം അയാളുടെ കുറ്റബോധമെന്ന് മനസ്സിലാക്കിയതു കൊണ്ടാണ് യേശു അയാളോട് ''നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു'' എന്നു പറഞ്ഞത്. പാപമോചനം ലഭിച്ചതോടെ നഷ്ടപ്പെട്ട ശാരീരിക സൗഖ്യവും വീണ്ടെടുക്കാൻ സാധിക്കുന്നു. പല പ്രാർത്ഥനാ സമ്മേളനങ്ങളിലും രോഗശാന്തി ശുശ്രൂഷ നടക്കുന്നതും രോഗശാന്തി കിട്ടിയവരൊക്കെ ഇതിന് സാക്ഷ്യം വഹിക്കുന്നതും നാം ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. ഇതിന് നേതൃത്വം നൽകുന്നവർ ആദ്യം ആവശ്യപ്പടുന്നത് പാപങ്ങൾ ഏറ്റുപറഞ്ഞ് ദൈവത്തോടു മാപ്പ് ചോദിക്കുവാനാണ്. ഇങ്ങനെ പാപമോചനം ലഭിക്കുമ്പോൾ പാപത്തിലൂടെ ശരീരത്തെ ബാധിച്ച അസ്വസ്ഥതകളെല്ലാം താനെ വിട്ടുമാറുന്നു. ഇങ്ങനെയാണ് പ്രാർത്ഥന സമ്മേളനങ്ങളിൽ രോഗശാന്തി ശുശ്രൂഷയിലൂടെ ആരോഗ്യം വീണ്ടെടുക്കുവാൻ പലർക്കും സാധിക്കുന്നത്.

''നിന്റെ പാപങ്ങൾ നിന്നോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു'' എന്ന് യേശു തളർവാദരോഗിയോട് പറഞ്ഞപ്പോൾ അതിനെ ദൈവദൂഷണമായി വ്യാഖ്യാനിച്ചുകൊണ്ട് ഫരിസേയരും നിയമജ്ഞരും യേശുവിനെ കുറ്റപ്പെടുത്തി. അവരോട് യേശു തിരിച്ചുചോദിച്ച ഒരു ചോദ്യമിതായിരുന്നു: ''ഏതാണ് എളുപ്പം? തളർവാദരോഗിയോട് നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേറ്റ് നിന്റെ കിടക്കയുമെടുത്ത് നടക്കുക എന്ന് പറയുന്നതോ?'' ഏതാണ് എളുപ്പം? നമുക്കു തന്നെ ഈ ചോദ്യത്തിന് ഉത്തരം നൽകാൻ ശ്രമിക്കാം. പാപങ്ങൾ മോചിക്കുന്നത് വെറുമൊരു നിസ്സാരകാര്യമെന്നാണ് നമ്മിൽ പലർക്കും തോന്നുന്നത്. എന്നാൽ അത്ഭുതകരമായ രോഗശാന്തി അത് നമ്മെ സംബന്ധിച്ചിടത്തോളം വലിയ കാര്യമാണ്. ലോകത്തിലെ കുമ്പസാര കൂടുകളിൽ ആയിരക്കണക്കിന് യേശുവിന്റെ പ്രതിനിധികളായ വൈദീകർ അനുതപിക്കുന്നവരുടെ പാപങ്ങൾ മോചിപ്പിക്കുന്നു. ഇത് വലിയൊരു അനുഗ്രഹമായി നാം കണക്കാക്കാറില്ല. അതുകൊണ്ടു തന്നെ ധാരാളം പേർ കുമ്പസാരിക്കാൻ പോകാറില്ല. എന്നാൽ ഇതിൽ ഏതെങ്കിലും ഒരു വൈദീകനിലൂടെ ആർക്കെങ്കിലും അത്ഭുതകരമായ രോഗശാന്തി കിട്ടിയാൽ അത് വലിയൊരു സംഭവമായി നാം കൊട്ടിയാഘോഷിക്കും. ധാരാളം രോഗികളെ സൗഖ്യത്തിനായി ആ വൈദീകന്റെ പക്കലേയ്ക്ക് കൊണ്ടുവരികയും ചെയ്യും. ഏതാണ് എളുപ്പം? ഏതാണ് വലുത്? യേശുവിനെ സംബന്ധിച്ചിടത്തോളം രോഗശാന്തി നൽകുന്നത് നിസ്സാര കാര്യമാണ്; എന്നാൽ പാപമോചനം വലിയൊരു അനുഗ്രഹമാണ്. അതുകൊണ്ട് ഈ ലോകത്തിൽ മനുഷ്യപുത്രന് പാപങ്ങൾ മോചിക്കുന്നതിന് അധികാരമുണ്ട് എന്നതിന്റെ ഒരടയാളം മാത്രമായിട്ടാണ് യേശു ആ തളർവാദരോഗിക്ക് സൗഖ്യം നൽകുന്നത്. എഴുന്നേറ്റ് കിടക്കയുമെടുത്ത് വീട്ടിലേയ്ക്ക് പോകുവാൻ ആ മനുഷ്യനോട് ആവശ്യപ്പെടുന്നത്.

എന്റെ ബാല്യകാലത്തെ ഒരു അനുഭവം ഇത്തരുണത്തിൽ ഓർത്തുപോവുകയാണ്. എനിക്ക് ആറോ ഏഴോ വയസ്സു പ്രായമായിരുന്നപ്പോൾ എന്റെ അപ്പൻ വീടിന്റെ ഒരു ഭാഗം പുതുക്കി പണിയുകയായിരുന്നു. അന്ന് മാർത്താണ്ഡൻതുറയിലേക്ക് വണ്ടികൾ പോകുന്ന പാലമോ റോഡുകളോ ഇല്ലായിരുന്നു. വീടുപണിക്കാവശ്യമായ ചുടുകല്ല് വള്ളത്തിൽ കൊണ്ടുവന്ന് ആറ്റിന്റെ കരയിലിറക്കുകയാണ് പതിവ്. ചില സ്ത്രീകൾ തലചുമടായി അത് വീടു പണിയുന്ന സ്ഥലത്തുകൊണ്ടു

വരും. ചില സ്ത്രകളോടൊത്ത് അവരുടെ കുഞ്ഞുങ്ങളുമുണ്ടായിരുന്നു. അമ്മമാരോടൊപ്പം കുഞ്ഞുങ്ങളും ഒന്നും രണ്ടും ചെറിയ കല്ലുകൾ പെറുക്കികൊണ്ടു വരുന്നത് കാണാമായിരുന്നു. വൈകുന്നേരമാകുമ്പോൾ ഈ സ്ത്രീകൾക്ക് കൂലികൊടുക്കുന്നതോടൊപ്പം ഈ കുഞ്ഞുങ്ങൾക്കും പൈസ കൊടുക്കുമായിരുന്നു. കുറെ പൈസ കിട്ടിയിരുന്നെങ്കിൽ മിഠായി മേടിക്കാമെന്ന് ഞാനും കരുതി. ഈ കുഞ്ഞുങ്ങളോടൊപ്പം ഒരു ദിവസം കല്ലു ചുമക്കാൻ തുടങ്ങി. വൈകുന്നേരമായപ്പോൾ കൂലിക്കായി ഞാനും പോയിനിന്നു. എന്നാൽ എനിക്കു മാത്രം കൂലി തന്നില്ല. ഞാൻ ബഹളം വച്ചു. എന്റെ ബഹളം കണ്ട് എന്റെ അപ്പനും അമ്മയും ചിരിക്കുന്നതായിട്ടാണ് ഞാൻ കണ്ടത്. അവസാനം എന്നെ കൈയിലെടുത്ത് അലമാരയുടെ അടുത്തുകൊണ്ടുപോയി. അവിടെ ചെറുതും വലുതുമായ നോട്ടുകൾ ഇരിപ്പുണ്ടായിരുന്നു. അവ ചൂണ്ടിക്കാണിച്ചിട്ട് എന്റെ അപ്പൻ എന്നോടു പറഞ്ഞു: ''അവരൊക്കെ കൂലിക്കാരാണ്; എന്നാൽ നീ കൂലിക്കാരനല്ല, ഈ വീട്ടിലെ മകനാണ്. ഇതെല്ലാം നിന്റെ സ്വന്തമാണ്. നിനക്ക് ഇഷ്ടമുള്ളത് എടുത്തുകൊള്ളുക''. മിഠായി മേടിക്കാൻ 25 പൈസ മാത്രമാണ് ഞാൻ ആഗ്രഹിച്ചത്. എന്നാൽ ഉള്ളതെല്ലാം തരാനാണ് എന്റെ മാതാപിതാക്കൾ തയ്യാറായത്. വലിയ നോട്ടുകളെടുക്കാൻ എനിക്ക് ഭയമായിരുന്നു. പിറ്റേ ദിവസം എന്റെ അപ്പൻ എന്നെ ഒരു കടയിൽ കൊണ്ടുചെന്ന് എനിക്കുവേണ്ട വസ്ത്രങ്ങളും കളിപ്പാട്ടങ്ങളും മേടിച്ചു തന്നതായി ഓർമ്മിക്കുന്നു ദൈവപിതാവിനെ സമീപിക്കുമ്പോഴും പലപ്പോഴും നാം കൂലിവേലക്കാരെപ്പോലെ 25 പൈസയാണ് അഥവാ ചെറിയ ചെറിയ അനുഗ്രഹങ്ങളാണ് ചോദിക്കുന്നത്. എന്നാൽ മക്കളായ നമുക്ക് എല്ലാം നൽകാനാണ്, വലിയ അനുഗ്രഹങ്ങൾ തരാനാണ് ദൈവപിതാവ് ആഗ്രഹിക്കുന്നത്. ദൈവത്തെ സംബന്ധിച്ചിടത്തോളം രോഗശാന്തി 25 പൈസയ്ക്ക് തുല്യമായ ചെറിയ അനുഗ്രഹമാണ്. എന്നാൽ പാപമോചനം വഴി ദൈവവുമായി നമുക്കുണ്ടാകുന്ന സ്നേഹബന്ധം വലിയ ഒരു അനുഗ്രഹമാണ്. അനുഗ്രഹങ്ങൾ തിരിച്ചറിയാനും ചെറിയ അനുഗ്രഹങ്ങളെക്കാൾ കൂടുതലായി വലിയ അനുഗ്രഹങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാനും നമുക്ക് കഴിയണം.

എന്നാൽ ദൈവം നിസ്സാരമായി കരുതുന്ന ചെറിയ അനുഗ്രഹങ്ങളെ മനുഷ്യൻ വലുതായി കാണുന്നു. ദൈവം നൽകുന്ന വലിയ അനുഗ്രഹങ്ങളെ പലപ്പോഴും മനുഷ്യർ വിലമതിക്കാറുമില്ല. അത്ഭുതകരമായ രീതിയിൽ യേശു അപ്പം വർദ്ധിപ്പിച്ചപ്പോഴും ഇതുതന്നെയാണ് സംഭവിച്ചത്. അഞ്ചപ്പം കൊണ്ടും രണ്ടു മീനു കൊണ്ടും യേശു ആയിരക്കണക്കിനാളുകളെ തീറ്റിപ്പോറ്റിയപ്പോൾ ജനങ്ങളെല്ലാം അത്ഭുതപ്പെട്ടു. യേശുവിനെ അവർ പാടിപ്പുകഴ്ത്തി. എത്രയും വേഗം യേശുവിനെ രാജാവാക്കാൻ തിടുക്കം കൂട്ടി. എന്നാൽ യേശു അതിനു വഴങ്ങിയില്ല. പിറ്റേദിവസം വീണ്ടും അപ്പം കിട്ടുമല്ലോ, എന്നുവിചാരിച്ച് അവരെല്ലാം യേശുവിന്റെ പക്കൽ വന്നു. യേശു അവരോടു പറഞ്ഞു: ''ഇന്നലെ അപ്പം ഭക്ഷിച്ച് സംതൃപ്തരായിട്ടാണല്ലോ നിങ്ങൾ എന്റെ പക്കൽ നിന്നും പോയത്. എന്നാൽ ആ അപ്പം തന്ന സംതൃപ്തി നീണ്ടുനിന്നില്ല. നിങ്ങൾക്ക് ഇപ്പോൾ വീണ്ടും വിശക്കുന്നു. എന്റെ പക്കൽ വേറോരപ്പമുണ്ട്. ആ അപ്പം ഭക്ഷിച്ചാൽ നിങ്ങൾക്ക് ഒരിക്കലും വിശക്കുകയില്ല. പരിപൂർണ്ണമായ, നിലനിൽക്കുന്ന സംതൃപ്തി നിങ്ങൾക്ക് നൽകുന്ന അപ്പമാണത്''. ഇതുകേട്ടപ്പോൾ ഏകസ്വരത്തിൽ അവർ യേശുവിനോടു പറഞ്ഞു: ''കർത്താവേ, ഞങ്ങൾക്ക് ഒരിക്കലും വിശക്കാതിരിക്കുന്നതിന് ആ അപ്പം ഞങ്ങൾക്ക് തരേണമേ.'' യേശു അവരോടു പറഞ്ഞു: ''സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്ന് ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും'' (യോഹ. 6, 51). എന്നാൽ അവർക്ക് വേണ്ടിയിരുന്നത് ജീവനുള്ള ഈ അപ്പമായിരുന്നില്ല; അല്പ നേരത്തേയ്ക്ക് വിശപ്പ് ശമിപ്പിക്കുന്ന സാധാരണ അപ്പത്തിനാണ് അവർ കൂടുതൽ വില കല്പിച്ചിരുന്നത്. അവരെല്ലാം യേശുവിനെ ഉപേക്ഷിച്ച് യേശുവിന്റെ സന്നിധിയിൽ നിന്ന് പോയ്ക്കളഞ്ഞതായിട്ടാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നാമും ഇതുതന്നെയല്ലേ ചെയ്യുന്നത്. ജീവന്റെ അപ്പം ദിനം പ്രതി ഈ അൽത്താരയിൽ വിളമ്പപ്പെടുന്നില്ലേ? ഒരുക്കത്തോടും ഭക്തിയോടും കൂടി ഈ അപ്പം സ്വീകരിച്ച്

അനുദിനം യേശുവിന്റെ ചൈതന്യത്തിൽ വളരാൻ ശ്രമിക്കുന്നവർ എത്രപേരാണുള്ളത്. ജീവന്റെ ഈ അപ്പത്തിനുപകരം പള്ളിയിൽ വരുന്നവർക്ക് വെറും നൂറുരൂപാ വച്ച് വിതരണം ചെയ്യാൻ പോകുന്നുവെന്ന് പറഞ്ഞാൽ അത് മേടിക്കാനായി ദൈവാലയത്തിൽ വരാത്ത ആരെങ്കിലും ഈ ഇടവകയിലുണ്ടാവുമോ? അനുഗ്രഹങ്ങളുടെ മൂല്യം തിരിച്ചറിയുവാനും ചെറിയ അനുഗ്രഹങ്ങളെക്കാൾ കൂടുതലായി വലിയ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കാനും നമുക്ക് കഴിയുന്നില്ല.

ശാരീരികമായിട്ടല്ലെങ്കിലും മാനസികമായും അദ്ധ്യാത്മികമായും ഒരു പരിധിവരെ നാമും തളർവാദ രോഗികളാണെന്ന സത്യം നമുക്ക് അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യാം അനുഗ്രഹങ്ങളുടെ മൂല്യം തിരിച്ചറിയുവാനും സമ്പത്ത്, സൗന്ദര്യം, ആരോഗ്യം, ജീവിത സൗകര്യങ്ങൾ തുടങ്ങിയ ചെറിയ ചെറിയ അനുഗ്രഹങ്ങൾക്കുപരിയായി നീതി, സമാധാനം, പാപമോചനം, ജിവന്റെ അപ്പം, പരിശുദ്ധാത്മാവിലുള്ള സന്തോഷം തുടങ്ങിയ വലിയ വലിയ അനുഗ്രഹങ്ങൾക്കായി നമുക്ക് പ്രാർത്ഥിക്കാം. ലോകത്തിലെ എല്ലാ സൗഭാഗ്യങ്ങളും ദൈവത്തിന്റെ ദാനങ്ങൾ മാത്രമാണ്. ദാനങ്ങളെക്കാളുപരി ദാദാവായ ദൈവത്തെ വിലമതിക്കുവാനും സ്വന്തമാക്കുവാനുമുള്ള കൃപയ്ക്കായി നമുക്ക് ഈ ദിവ്യബലിയർപ്പിച്ചുകൊണ്ട് അപേക്ഷിക്കാം. ദൈവം തന്നെയായ യേശുവിന്റെ സാന്നിദ്ധ്യവും അനുഭവവും നിങ്ങളുടെ എല്ലാ ചോദ്യങ്ങൾക്ക് ഉത്തരവും പ്രശ്നങ്ങൾക്ക് പരിഹാരവുമായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.